ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ നടത്തിയ റെയ്ഡിനെത്തുടർന്ന് 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിൽ നടത്തിയ റെയ്ഡിനെത്തുടർന്ന് 3 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിൽ നടത്തിയ റെയ്ഡിനെത്തുടർന്ന് 2 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിറ്റി കോർപ്പറേഷൻ ഓഫീസുകളിൽ നടത്തിയ റെയ്ഡിൽ 6 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നടത്തിയ റെയ്ഡിനെത്തുടർന്ന് 3 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല. വിജിലൻസ് വകുപ്പ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സി. ജി. എഫ്. എൻ. എസ്. പരീക്ഷ നിറുത്തലാക്കിയതിന്റെ കാരണം

*25 [325] ശ്രീ. കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമേരിക്ക പോലെയുള്ള രാജ്യങ്ങളിലേക്ക് ജോലിക്കു പോകുന്നതിന് അത്യന്താപേക്ഷിതമായിരുന്ന സി. ജി. എഫ്. എൻ. എസ്. പരീക്ഷയ്ക്ക് കൊച്ചി സർവ്വകലാശാലയിൽ ഉണ്ടായിരുന്ന പരീക്ഷാസെന്റർ നിറുത്തലാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ഈ പരീക്ഷാകേന്ദ്രം നിറുത്തലാക്കിയതുമൂലം സംസ്ഥാനത്തെ നഴ്സുമാർ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലും സി. ജി. എഫ്. എൻ. എസ്. കോഴ്സിനുള്ള പരീക്ഷാകേന്ദ്രം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പ് മന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) പരീക്ഷാകേന്ദ്രം നിശ്ചയിക്കുന്നത് സി. ജി. എഫ്. എൻ. എസ്. ആണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ഈ സ്ഥാപനവുമായി ഉണ്ടായിരുന്ന കരാറിന്റെ കാലാവധി 30-11-2003-ൽ അവസാനിച്ചു അതിനാലാണ് ഇപ്പോൾ പരിക്ഷാകേന്ദ്രം നിലവിലില്ലാത്തത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊച്ചിയിൽ നിലവിലുണ്ടായിരുന്ന സെന്റർ പുനഃസ്ഥാപിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുവരുന്നു. പുതിയ പരീക്ഷാകേന്ദ്രങ്ങൾ നിശ്ചയിക്കുന്നത് സി. ജി. എഫ്. എൻ. എസ്. ആണ്.

LIBRARY ARCHIVES Kerala Legislative Assembly